# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1482** **31.10.2019-ൽ മറുപടിയ്ക്ക്**

**<u>സമഗ്രജലപരിഷ്കരണനയം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ജെ. മാക്സി | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |

എ) സംസ്ഥാനത്ത് ഓരോ വർഷം കഴിയുന്തോറും മത്സ്യലഭ്യതയിൽ ഇടിവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എ) ഉണ്ട്

ബി) 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ സംസ്ഥാനത്ത് നിന്നും ഓരോ വർഷവും എത്ര ടൺ മത്സ്യമാണ് ലഭിച്ചത്; നിലവിലെ സ്ഥിതി എന്താണ്; വ്യക്തമാക്കുമോ;

ബി) 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ സമുദ്ര മേഖലയിൽ നിന്നും ഉൾനാടൻ മേഖലയിൽ നിന്നും ഉണ്ടായിട്ടുള്ള മത്സ്യഉല്പാദനത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു

| വർഷം | ഉൾനാടൻ ഉല്പാദനം (മെട്രിക് ടൺ) | സമുദ്ര ഉല്പാദനം (മെട്രിക് ടൺ) | ആകെ (മെട്രിക് ടൺ) |
|---|---|---|---|
| 2016-17 | 188130 | 488336 | 676466 |
| 2017-18 | 189081 | 483686 | 672767 |
| 2018-19 | 1,92,027 | 6,09,730 | 8,01,757 |
| **ആകെ** | **5,69,238** | **1,58,752** | **21,50,990** |

സി) ഈ സാഹര്യത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനാവകാശം സംരക്ഷിക്കാനായി സമഗ്ര ജല പരിഷ്കരണ നയം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

സി) വന വിഭവങ്ങളിൽ ആദിവാസികൾക്കുള്ള പരമ്പ-രാഗത അവകാശം പോലെ കടൽ മത്സ്യ വിഭവങ്ങളുടെ മേൽ മത്സ്യത്തൊഴിലാളികൾക്ക് ഉടമസ്ഥാവകാശവും കടപ്പുറത്ത് വീട് വെച്ച് താമസിക്കുന്നതിനും, മത്സ്യബന്ധന ഉപകരണ ങ്ങളുടെ ഉടമസ്ഥാവകാശവും, പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ ആദ്യ വിൽപനാവകാശവും മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി ഉറപ്പ് വരുത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് തയ്യാറാക്കിയ അക്വാറിയം റീഫോംസ് ബില്ലിലെ പ്രൊവിഷൻ

ഇന്ത്യൻ ഭരണ ഘടനയിലെ Article 297 ന് വിരുദ്ധമാണെന്ന് അഡ്വക്കേറ്റ് ജനറലിന്റെ പരാമർശം വന്നതിനാൽ നിലവിൽ ടി ബിൽ റീഡ്രാഫ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

| | |
|---|---|
| ഡി) ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യബന്ധന ബോട്ടുകൾ കേരള തീരത്തെ ചെറുമീനുകളെയടക്കം പിടിച്ച് മത്സ്യസമ്പത്തിന് ശോഷണം നടത്തുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നുവെന്ന് വ്യക്തമാക്കുമോ? | ഡി) ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യ സമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്നത് മനസ്സിലാക്കി CMFRI യുടെ പഠന റിപ്പോർട്ടിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും അത് കർശനമായി നടപ്പിലാക്കി അത്തരം അശാസ്ത്രീയ മത്സ്യബന്ധന രീതി ഒരു പരിധി വരെ സംസ്ഥാനത്ത് നിയന്ത്രിക്കാനും സാധിച്ചിട്ടുണ്ട്. 2018 സെപ്റ്റംബറിൽ KMFR റൂൾ Amendment വരികയും ട്രോൾ നെറ്റ് കോഡ് എൻഡിൽ സ്ക്വയർ മെഷ് കർശനമാക്കുകയും ചെയ്തിട്ടുണ്ട്. പ്രധാന വലകളുടെ പരമാവധി വലിപ്പവും കുറഞ്ഞ കണ്ണി വലിപ്പവും നിശ്ചയിച്ചിട്ടുണ്ട്. പേഴ്സ്സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, ബുൾ ട്രോൾ (പെയർ ട്രോൾ) എന്നിവ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ